# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത **09-12-2014**ൽ മറുപടിക്ക്

ചോദ്യം : **2261**

### ഗാർഹിക വൈദ്യുതി നിരക്ക് വർദ്ധന

ചോദ്യം | ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഓരോ വിഭാഗത്തിനുമുള്ള താരിഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നു എന്നും 2014 നവംബർ മാസത്തിലെ നിരക്ക് എത്ര എന്നും വ്യക്തമാക്കുമോ ; | (എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക കൂട്ടി എന്നും ഓരോ പ്രാവശ്യവും കൂട്ടിയ തുക എത്ര വീതം എന്നും വ്യക്തമാക്കുമോ ; | (ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2012 ജൂലായ് 1-ാം തീയതി മുതലും, 2013 മേയ്-1 മുതലും, 2014 ഓഗസ്റ്റ് 16-ാം തീയതി മുതലും 3 പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 . ൽ കാണാവുന്നതാണ് |
| (സി) വൈദ്യുതി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മറ്റ് ഏതെല്ലാം ഇനങ്ങളിൽ ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (സി) വൈദ്യുതി ചാർജ് വർദ്ധനവിനു പുറമേ, കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയ ഇന്ധന സർചാർജിന്റെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |

| കാലയളവ് | നിരക്കുകൾ |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ - സർചാർജ് ഇല്ല.<br>മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 25 പൈസാ നിരക്കിൽ |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ - സർചാർജ് ഇല്ല മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 25 പൈസാ നിരക്കിൽ |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ - സർചാർജ് ഇല്ല മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 25 പൈസാ നിരക്കിൽ |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ | എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 10പൈസാ നിരക്കിൽ |

ഇതിനു പുറമേ സംസ്ഥാനത്തു നിലനിന്നിരുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും 10 രൂപാ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുവാനും, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിനു അനുമതി നൽകിയിരുന്നു. 2012 ജൂൺ 1- ാം തീയതി മുതൽ ഇതൊഴിവാക്കുകയും ചെയ്തിരുന്നു.

2012 ഡിസംബർ 15- ാം തീയതി മുതൽ 2013 മേയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, ഉപഭോക്താക്കളുടെമേൽ വൈദ്യുതി ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും നിയന്ത്രണ പരിധിക്കു മുകളിൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അതതു വിഭാഗത്തിനുള്ള എനർജി ചാർജ്, നിലവിലെ നിരക്കിനു പുറമേ ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിനു അനുവാദം നൽകിയിരുന്നു. പ്രസ്തുത നിയന്ത്രണം, 2013 ജൂൺ 1- ാം തീയതി മുതൽ ഒഴിവാക്കിയിരുന്നു. നിലവിൽ

സംസ്ഥാനത്ത് ഇന്ധന സർചാർജ്ജോ, അധിക ഉപഭോഗത്തിനു പ്രത്യേക നിരക്കോ ഏർപ്പെടുത്തിയിട്ടില്ല.

കൂടാതെ, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ, സർവ്വീസ് കണക്ഷൻ ഉൾപ്പെടെയുള്ള വിതരണ ജോലികളുടെ നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-3 ആയി കൊടുത്തിരിക്കുന്നു.

എന്നാൽ, ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ലോ ടെൻഷൻ ഉപഭോക്താക്കളുടെ വൈദ്യുതി മീറ്ററുകളുടെ വാടക, 01.10.2014 മുതൽ കുറച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിശദമാക്കിയിരിക്കുന്നു.

| ഇനം | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന നിരക്ക് (രൂപ/ കൺസ്യൂമർ/മാസം) | ഇപ്പോഴത്തെ നിരക്ക് (രൂപ/കൺസ്യൂമർ/ മാസം) |
|---|---|---|
| സിംഗിൾ ഫേസ് മീറ്റർ | 10 | 6 |
| ത്രീ ഫേസ് മീറ്റർ | 20 | 15 |
| ത്രീ ഫേസ് സി.റ്റി. മീറ്റർ | 75 | 30 |
| ത്രീ ഫേസ്, സ്റ്റാറ്റിക് ട്രൈവെക്റ്റർ എനർജി മീറ്റർ ( ABT facility ഉൾപ്പെടെ) | - | 1000 |

(ഡി) ഈ സർക്കാർ 2015 ജനുവരി മുതൽ വീണ്ടും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എതിർത്തിട്ടുണ്ടോ; ആയതു മറികടക്കാൻ കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സമീപിച്ചുവോ; എങ്കിൽ പ്രസ്തുത കമ്മീഷന്റെ നിഗമനം എന്താണ്;

(ഡി) ഇല്ല. സംസ്ഥാനത്ത്, വൈദ്യുതിനിരക്കുകൾ, നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 2015 ജനുവരി മുതൽ താരിഫ് പരിഷ്കരിക്കുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടില്ല. എന്നാൽ 2014 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലേക്കും, 2014 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേക്കും, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (KSERC) അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ, ഇന്ധനവിലയിലുണ്ടായ അധിക

| | |
|---|---|
| വിശദാംശം വ്യക്തമാക്കുമോ; | ബാധ്യതയായ 32.39 കോടി രൂപയും 34.95 കോടി രൂപയും, ഇന്ധന സർചാർജ്ജായി ഈടാക്കാൻ, വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ പെറ്റീഷനുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി കാര്യത്തിൽ, കമ്മീഷൻ തീരുമാനങ്ങൾ എടുത്തിട്ടില്ല. |
| (ഇ) വൈദ്യുതി ബോർഡിന്റെ ധൂർത്ത് ഒഴിവാക്കിയും, കുടിശ്ശിക തുക പിരിച്ചെടുത്തും, വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിനു പകരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ദുരിതം ഉണ്ടാക്കാനുള്ള സർക്കാർ നടപടി പുന:പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) വൈദ്യുതി ബോർഡ്, പ്രതീക്ഷിക്കുന്ന റവന്യൂ കമ്മിയുടെ ഒരു ഭാഗം മാത്രമേ താരിഫ് വർദ്ധനവിലൂടെ നികത്തുന്നതിന്, റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കാറുള്ളൂ. ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും, അത്യാവശ്യമല്ലാത്ത ചെലവുകൾ ഒഴിവാക്കിയും/ചുരുക്കിയും റവന്യൂ കളക്ഷൻ മെച്ചപ്പെടുത്തിയും, പ്രസരണ-വിതരണ നഷ്ടം പരമാവധി കുറച്ചുമാണ് ബാക്കി കമ്മി നികത്തുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**